(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം നബാർഡ് അധികൃതരുടെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം അവർ ചുണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കാനുള്ള ശ്രമത്തിലാണ്.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) പുതിയ ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

ചാവക്കാട് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സമർപ്പിച്ച മാസ്റ്റർപ്ലാൻ

144 [1620] ശ്രീ. പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ചാവക്കാട് താലൂക്കാശുപത്രി യുടെ വികസനത്തിനായി സമർപ്പിച്ച മാസ്റ്റർ പ്ലാൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച നടപടി എവിടെവരെയെത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നബാർഡിന്റെ ധനസഹായത്തോടുകൂടി ആശുപത്രിയുടെ വികസനം നടത്തുന്നതിനായി രണ്ടു കോടി ആറുലക്ഷത്തി അൻപതിനായിരം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുള്ളത് നബാർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ കൂട്ടുമുഖം പ്രൈമറി ഹെൽത്ത് സെന്റർ

145 [1621] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കൂട്ടുമുഖം പ്രൈമറി ഹെൽത്ത് സെന്ററിനു വേണ്ടി എം.പി. ഫണ്ട് ഉപയോഗിച്ചും നാട്ടുകാർ പണം സ്വരൂപിച്ചും നിർമ്മിച്ച ഇൻപേഷ്യന്റ് വാർഡും സൗകര്യങ്ങളും ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) കൂട്ടുമുഖം പി.എച്ച്.സി. അപ്ഗ്രേഡ് ചെയ്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി മാറ്റാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര പി.എച്ച്.സി-കളും ഡിസ്പെൻസറികളും ഉണ്ടെന്നും ഇവയിൽ എവിടെയെല്ലാം പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയോഗിച്ച ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്നും അറിയിക്കുമോ;

(ഡി) മലയോര മേഖലയിലെ പി.എച്ച്.സി.-കളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമല്ലെന്ന് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിലനിൽക്കുന്ന നിരോധനം മാറുന്ന മുറയ്ക്ക് കൂട്ടുമുഖം പ്രൈമറി ഹെൽത്ത് സെന്ററിൽ ഇൻപേഷ്യന്റ് വാർഡ് പ്രവർത്തിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇതിനായി നിർദ്ദേശമൊന്നും നിലവിലില്ല.

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 10 (പത്ത്) പി.എച്ച്.സി.-കളും ഒരു സി.എച്ച്.സി.-യും ഒരു ജി.ആർ.ഡി-യും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ എരുവാശേരി, ഇരിക്കൂർ (രണ്ടു തസ്തികയിൽ ഒരാൾ മാത്രം), കുറ്റ്യാട്ടൂർ, പടിയൂർ, കല്യാട്, ഉളിക്കൽ, കൊളച്ചേരി, ആലക്കോട് (മണക്കടവ്), ആലക്കോട് (തേർത്തലി) എന്നീ പി.എച്ച്.സി.-കളിലും, മയ്യിൽ സി.എച്ച്.സി.-യിലും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയോഗിച്ച ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ഡി) മലയോര മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മുളങ്കുന്നത്തുകാവിൽ മെഡിക്കൽ കോളേജിന്റെ പണി

146 [1622] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കുന്നത്തുകാവിൽ പുതുതായി പണികഴിച്ചിട്ടുള്ള മെഡിക്കൽ കോളേജിന്റെ പണി എന്ന് പൂർത്തിയാകും;

(ബി) ഈ കോളേജ് ഏതു നിയോജകമണ്ഡലത്തിൽ ഏതു പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly